LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 9, ബുധൻ

നിയമസഭ 2005 മാർച്ച് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....ഓർഡർ...ചോദ്യം നമ്പർ - 331

ട്രാൻസ്പോർട്ട് കോർപ്പറേഷനെ ഋണവിമുക്തമാക്കുവാൻ നടപടി

1 [*331] ശ്രീ. വി. ജെ. പൗലോസ്:

,, കെ. എ. ചന്ദ്രൻ :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ ഋണവിമുക്തമാക്കുവാൻ എന്തെങ്കിലും നടപടിയെടുക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ,

(എ) ഉണ്ട്.

(ബി) മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെയും ചെലവുകൾ ചുരുക്കിയും ലാഭകരമല്ലാത്ത സർവ്വീസുകൾ നിയന്ത്രിച്ചും ടിക്കറ്റേതര വരുമാനങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ഇന്ധനക്ഷമത കൈവരിച്ചും കോർപ്പറേഷന്റെ പ്രവർത്തന നഷ്ടം കുറയ്ക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. ഗവൺമെന്റിന്റെ സഹായത്തോടുകൂടി കെ.എസ്.ആർ.ടി.സി.യെ ഋണവിമുക്തമാക്കാനുള്ള നടപടിയെപ്പറ്റി ആലോചിച്ചു വരുന്നു.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, കെ.എസ്.ആർ.ടി.സി. യുടെ ഋണബാദ്ധ്യത കുറയ്ക്കാൻ ഗവൺമെന്റ് നടപടി എടുത്തു വരുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ സ്ഥാപനത്തിന് മുൻ ഗവൺമെന്റിന്റെ കാലത്തുള്ളതും ഈ ഗവൺമെന്റിന്റെ നടപടികളുടെ ഫലമായും ഉണ്ടായിട്ടുള്ള വരുമാനവും ലാഭ നഷ്ടവും എത്രയാണ്; ഇത് കൂടുതൽ മെച്ചപ്പെട്ട നിലയിലാക്കുന്നതിന് പുതുതായി വല്ല പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ; അത് വിശദീകരിക്കുമോ?

ശ്രീ. എൻ. ശക്തൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് കെ.എസ്.ആർ.ടി.സി.യുടെ ഒരു മാസത്തെ ശരാശരി നഷ്ടം 9.88 കോടി രൂപയായിരുന്നു. വളരെ കടുത്ത നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ജനുവരി മാസത്തെ കണക്ക് പ്രകാരം അത് 7.73 കോടി രൂപയാണ്. അതായത് നഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് യാത്ര സൗകര്യം എന്നതിനപ്പുറം സാധാരണക്കാരായ ആളുകളുടെ അത്യാവശ്യം യാത്രാസൗകര്യം സർക്കാർ അറിഞ്ഞ് അംഗീകരിക്കുന്നു എന്നതാണ് ഇതുസംബന്ധിച്ച് നാട്ടുകാരുടെ വിലയിരുത്തൽ. അതിന്റെ ഭാഗമായി ആദിവാസി മേഖലയായ പറമ്പിക്കുളത്തേക്ക് വർഷങ്ങൾക്കുമുമ്പ് ഒരു ബസ് സർവ്വീസ് ഉണ്ടായിരുന്നു. ഇന്ന് ആ ബസ് സർവ്വീസ് ഇല്ലാതായിരിക്കുകയാണ്. ഈ ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക നേരിട്ട് പറമ്പിക്കുളത്തേക്കാണെങ്കിൽ ലാഭകരമാവാൻ ഇടയില്ല. കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം വരുത്തി ഒരു ബസ് സർവ്വീസ് തുടങ്ങണമെന്നു അപേക്ഷിക്കുന്നില്ലെങ്കിലും തൃശ്ശൂർ-പൊള്ളാച്ചി, പൊള്ളാച്ചി-പറമ്പിക്കുളം, പറമ്പിക്കുളം-പൊള്ളാച്ചി, പാലക്കാട്-പൊള്ളാച്ചി, പൊള്ളാച്ചി-പറമ്പിക്കുളം, പറമ്പിക്കുളം-പൊള്ളാച്ചി, പൊള്ളാച്ചി-പാലക്കാട്, ഈ നിലയിൽ രണ്ട് സർവ്വീസ് ആരംഭിച്ചാൽ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും പറമ്പിക്കുളം വിനോദ സഞ്ചാര കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ അത് കാണാനും പ്രയോജനപ്പെടുത്താനും ഉപകാരമാകും. ഈ ആവശ്യം വർഷങ്ങളായി ഉന്നയിച്ചിട്ടും ആവശ്യമായ നടപടി സ്വീകരിച്ചു കാണുന്നില്ല. ലാഭകരമായിതന്നെ പറമ്പിക്കുളത്തേയ്ക്കുള്ള ബസ് സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ട നടപടിയുണ്ടാകുമോ; അതുസംബന്ധിച്ച് വിശദീകരണം നല്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : സർ, നമ്മുടെ സംസ്ഥാനത്ത് പുതുതായി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് തടസമില്ല. യാത്രക്കാരായ ആളുകൾക്ക് ആവശ്യമുണ്ടെങ്കിൽ, അത്യാവശ്യമാണെങ്കിൽ പുതിയ സർവ്വീസ് ആരംഭിക്കാം. അതേ സമയം മറ്റ് സംസ്ഥാനവുമായി ബന്ധപ്പെട്ടാണ് സർവ്വീസ് ആരംഭിക്കേണ്ടതെങ്കിൽ അവിടുത്തെ കോർപ്പറേഷനുമായി ചർച്ച ചെയ്ത് ഒരു ധാരണയിൽ എത്തണം. അതുപോലെ അവിടുത്തെ ഗവൺമെന്റുമായി ഒരു ധാരണയിൽ എത്തണം. അതിനുശേഷമേ മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട സർവ്വീസ് ആരംഭിക്കാൻ കഴിയുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സർവ്വീസിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കാം.

ഡോ: എം. എ.കുട്ടപ്പൻ : സർ, കോർപ്പറേഷന്റെ ബസുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവനക്കാരുടെ മൊത്തം എണ്ണം കൂടുതലാണെന്നു ഗവൺമെന്റ് കരുതുന്നുണ്ടോ ; അങ്ങനെയെങ്കിൽ എണ്ണം കുറച്ചുകൊണ്ടു വരാനും അധികച്ചെലവു കുറയ്ക്കാനും എന്തൊക്കെ നടപടികളാണ് ഇതിനോടകം സർക്കാർ കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. എൻ. ശക്തൻ : സർ, കോർപ്പറേഷന്റെ സ്റ്റാഫിന്റെ എണ്ണം കൂടുതലാണെന്നുള്ളത് പഴയ കാര്യമാണ്. വളരെ മുമ്പ് ഒരു ബസിന് പതിനൊന്നര ജീവനക്കാരായിരുന്നു. അതിപ്പോൾ കുറച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാർ ഇരുപത്തി നാലായിരത്തിൽ ശിഷ്ടം മാത്രമേയുള്ളു. അതായത് ഒരു ബസിന് ആറര ജീവനക്കാർ മാത്രമേ ഇപ്പോൾ സ്ഥിരം ജീവനക്കാരായുള്ളു. എം.പാനൽകാരെയുംകൂടി കൂട്ടി വരുമ്പോൾ അല്പം കൂടും എന്നാലും ജീവനക്കാരുടെ എണ്ണം ഇപ്പോൾ വളരെ കുറച്ചിട്ടുണ്ട്. പിന്നെ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനുള്ള ധാരാളം നടപടികൾ എടുത്തിട്ടുണ്ട്. അതാണ് ഞാൻ ആദ്യത്തെ ഉത്തരമായിട്ട് ഇവിടെ പറഞ്ഞത്.

ഡോ: എം. എ. കുട്ടപ്പൻ: സർ, ഇപ്പോഴും കെ.എസ്.ആർ.ടി..സി. ക്ക് കടഭാരമാണുള്ളത്. മൊത്തം എത്രയാണ് കെ.എസ്.ആർ.ടി.സി.യുടെ കടമെന്നു വ്യക്തമാക്കാൻ സാധിക്കുമോ ; അന്യസംസ്ഥാനങ്ങളിൽ അവിടുത്തെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭകരമായി നടത്തുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് അതു കൂടി പരിശോധിച്ച് നഷ്ടം പൂർണ്ണമായി ഒഴിവാക്കാനും ലാഭകരമല്ലെങ്കിൽ പോലും ലാഭവും നഷ്ടവും ഇല്ലാത്ത രീതിയിലേക്ക് എത്തിക്കാനും സർക്കാർ മുൻകൈയെടുക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ കടം 839.87 ലക്ഷം രൂപയാണ്. എപ്പോഴും കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് കേൾക്കുന്ന ഒരു കാര്യം കെ.എസ്.ആർ.ടി.സി.യുടെ കടം കുറയ്ക്കണം, ലാഭത്തിൽ എത്തിക്കണം എന്നുള്ളതാണ്. കെ.എസ്.ആർ.ടി.സി.യുടെ ഉദ്ദേശം അതുമാത്രമല്ല, കടം കുറച്ച് ലാഭം വേണം. പക്ഷേ കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചടത്തോളം ഈ ഗവൺമെന്റിന്റെ നയം എന്നു പറയുന്നത്, ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് യാത്ര ചെയ്യാൻ ആവശ്യത്തിന് ബസ് കൊടുക്കുക എന്നുള്ളതാണ്. അത് കൊടുക്കുമ്പോൾ ഒരു പരിധിവരെ വരുമാനം കുറവുള്ള റൂട്ടുകളിലും സർവ്വീസ് നടത്തേണ്ടിവരും. ഇപ്പോൾ ചെയ്യുന്നത് അതാണ്. അതുകൊണ്ടാണ് നിർത്തിവച്ചിരുന്ന പല സർവ്വീസുകളും ആരംഭിച്ചത്. രാത്രികാല സർവ്വീസുകൾ പലതും ആരംഭിച്ചു. ഒരു സേവന മേഖല എന്ന നിലയിൽ

സാധാരണക്കാരായ ജനങ്ങൾക്ക് പ്രത്യേകിച്ച് നാഷണലൈസ് സെക്ടറിൽ യാത്ര ചെയ്യുന്നതിന് ആവശ്യത്തിനുള്ള ബസ് കൊടുക്കുക ഗവൺമെന്റിന്റെ ബാദ്ധ്യതയാണെന്നുള്ളതുകൊണ്ട് നഷ്ടം സഹിച്ചും ആ മേഖലയിൽ സർവ്വീസ് നടത്തുന്നുണ്ട്. അതേ സമയം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത് ഇപ്പോൾ നഷ്ടം അല്പം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ശോഭനാജോർജ്: സർ, നോൺ ഓപ്പറേഷണൽ ഇൻകം അതായത് നമ്മുടെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തിന് ഒരു തടസവും നേരിടാതെതന്നെ വരുമാനം വർദ്ധിപ്പിക്കുക. കെ.എസ്.ആർ.ടി.സി.യുടെ സ്ഥലം ഇരിക്കുന്നത് കണ്ണായ സ്ഥലത്താണ്. അവിടെ കൊമേഴ്സ്യൽ ബിൽഡിംഗ്സ് പണിത് കൊടുക്കുന്ന ഒരു പരിപാടിക്ക് നമ്മൾ തുടക്കമിട്ടിട്ടുണ്ട്. അങ്ങനെ എന്തെങ്കിലും സ്കീം പുതുതായിട്ട് കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എൻ. ശക്തൻ: സർ, ബഹുമാനപ്പെട്ട ശോഭനാ ജോർജ് പറഞ്ഞത് വളരെ ശരിയാണ്. കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളെല്ലാം ഓരോ സിറ്റിയുടെയും ഹൃദയ ഭാഗത്താണ്. അവിടെയെല്ലാം നമ്മൾ ഷോപ്പിംഗ് കോംപ്ലക്സ് പണിതാൽ തീർച്ചയായും കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ ആറ് ഷോപ്പിംഗ് കോംപ്ലക്സ് പണി തുടങ്ങുന്നതിനുള്ള അനുവാദം നൽകി കഴിഞ്ഞു. ഇനിയും കൂടുതൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കുകയാണ്.

ശ്രീമതി ശോഭനാജോർജ്: സർ, കടബാദ്ധ്യതയിൽ നിന്ന് ഒരു മോചനം കിട്ടണമെങ്കിൽ കെ.എസ്.ആർ.ടി.സി.യെ കൂടുതൽ ആകർഷകമാക്കണം. അതിന്റെ ഭാഗമായിട്ട് അനന്തപുരി സർവ്വീസ് എന്നും പറഞ്ഞ് 150 ബസുകൾ നിരത്തിലിറക്കുന്നു, അതിന് നേവി ബ്ലൂ യൂണിഫോമാണ് എന്നൊക്കെ പത്രങ്ങളിൽ വന്നു. അങ്ങനെയാണെങ്കിൽ അത് കൂടുതൽ ആകർഷകമാകത്തക്കവണ്ണം ആ ബസുകളിൽ വനിത കണ്ടക്ടർമാരെയും വനിത ഡ്രൈവർമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? ഇപ്പോൾ കർണ്ണാടകത്തിൽ പോലും വനിത ഡ്രൈവർമാർ വന്നു കഴിഞ്ഞു. അപ്പോൾ എല്ലാത്തിനും മാതൃകയായിട്ടുള്ള കേരളത്തിൽ മാത്രം അത് ഉണ്ടായില്ല എന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് അങ്ങനെ ഒരു നടപടികൂടി എടുക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. എൻ. ശക്തൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ തലസ്ഥാന നഗരിയിൽ 150 പുതിയ ഫാസ്റ്റ് ബസ്സുകൾ ഇറക്കുകയാണ്. അനന്തപുരി ഫാസ്റ്റ് എന്ന പേരിൽ 150-ഉം പുതിയ ബസുകളാണ്. ഇവിടെ പറഞ്ഞ ആ നിറത്തിലാണ് ഇറക്കുന്നത്. വനിത കണ്ടക്ടർമാരെ നിയമിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. നേരത്തെ ഡയിംഗ് ഹാർനെസിൽ കയറുന്നവരെ വനിത കണ്ടക്ടർമാരായി എടുത്തിട്ടുണ്ട്. അവർ ഇപ്പോൾ ആഴ്ചയിൽ ഒരിക്കലെങ്കിലും എന്നെ കാണാൻ വരുന്നുണ്ട്. അവർ പറയുന്നത് അവരെ അതിൽ നിന്ന് ഒഴിവാക്കണം എന്നാണ്. 10-100 ആളുകൾ ഉള്ള ബസിൽ കയറി ഈ വനിത കണ്ടക്ടർക്ക് അങ്ങോട്ടും ഇങ്ങോട്ടും ആളുകളുടെ ഇടയിൽകൂടി പുരുഷന്മാരുടെ ഇടയിൽകൂടി പോയി ടിക്കറ്റ് കൊടുക്കാൻ കഴിയുന്നില്ല. ഏത് പോസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയാലും സാരമില്ല, എത്ര താഴ്ന്ന പോസ്റ്റ് കിട്ടിയാലും സാരമില്ല. അവരെ അതിൽ നിന്ന് ഒഴിവാക്കണമെന്നാണ് വനിത കണ്ടക്ടർമാരായി സർവ്വീസിൽ കയറിയ ജീവനക്കാർ ആവശ്യപ്പെട്ടത്. ലേഡീസ് ഒൺലി എന്നു പറഞ്ഞാൽ രാവിലെ ഒരു ട്രിപ്പ്, പിന്നെ വൈകുന്നേരം ഒരു ട്രിപ്പ്. ഇതിനിടയ്ക്ക് ലേഡീസ് ഒൺലി എന്നു പറഞ്ഞു മാറ്റി നിർത്താൻ കഴിയുകയില്ല. അതിനിടയ്ക്ക് നടത്തുന്നത് മുഴുവൻ മിക്സഡ് സർവ്വീസാണ്. ആ സമയത്ത് പുരുഷന്മാരുള്ള ബസിൽ അവർക്ക് ടിക്കറ്റ് കൊടുക്കേണ്ടി വരും. അതുകൊണ്ട് ലേഡീസ് ഒൺലി മാത്രമായി വനിതകളെ നിയമിക്കാൻ കഴിയുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കെ.എസ്.ആർ.ടി.സി. യുടെ വളരെയധികം അവഗണനയ്ക്ക് വിധേയമായി കിടക്കുന്ന ഒരു പ്രദേശമാണ് കാസർകോട്, കണ്ണൂർ, വയനാട് പ്രദേശം. അവിടെ പുതിയ ഡിപ്പോകൾ ഉണ്ടാകുന്നില്ല. സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല. തികച്ചും അവഗണനയാണ്. തലശ്ശേരിയിൽ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥാപിക്കുന്നതിനു വേണ്ടി മുനിസിപ്പാലിറ്റി സ്ഥലം സൗജന്യമായി കൊടുത്തു. കെട്ടിടം നിർമ്മിച്ചു. റോഡ് നിർമ്മിച്ചു. ആ ഡിപ്പോ തുടങ്ങുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ; അത് ആ ഭാഗത്തുള്ള വികസനത്തിനു വളരെയധികം സഹായകരമായിത്തീരുമെന്നുള്ളതുകൊണ്ട് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, ബഹുമാനപ്പെട്ട കോടിയേരി സൂചിപ്പിച്ചതു പോലെ ആ ഭാഗത്തോട് പ്രത്യേക അവഗണനയൊന്നുമില്ല. സ്വാഭാവികമായും പ്രൈവറ്റ് ബസ് കൂടുതലുള്ള സ്ഥലം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അല്പം കുറവാണെന്നു മാത്രമേയുള്ളൂ. ഈ പറഞ്ഞ ഡിപ്പോയെ സംബന്ധിച്ച്, തലശ്ശേരിയെ സംബന്ധിച്ച് അടിയന്തിരമായി അതിന്റെ പണി പൂർത്തിയാക്കി തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം നല്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിനു ചെറുതും വലുതുമായ ഒരുപാട് കാരണങ്ങളാണുള്ളത്. എന്റെ മണ്ഡലത്തിലുള്ള പട്ടാമ്പിയിൽ ഒരു സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് ഉണ്ട്. ഒരു ചെറിയ തകരാറോ, ഒരു ടയർ പഞ്ചറോ ആയാൽ ഇരുപത്തിമൂന്നു കിലോമീറ്റർ ദൂരമുള്ള പെരിന്തൽമണ്ണയിൽനിന്നോ അമ്പതു കിലോമീറ്റർ ദൂരമുള്ള എടപ്പാളിൽനിന്നോ ആൾ വരുന്നതുവരെ ബസ് അവിടെ കിടക്കും. അങ്ങനെ ഈ സ്ഥാപനത്തിന്റെ കുഴപ്പംകൊണ്ട്, ചെറിയ കാരണങ്ങളടക്കം ഒരുപാട് കാരണങ്ങൾകൊണ്ട് ബസ് മുടങ്ങുന്നുണ്ട്. കെ.എസ്.ആർ.ടി.സി. കോടിക്കണക്കിനു രൂപയുടെ ഇന്ധനം വാങ്ങുന്നുണ്ട്. ഇത്രയും തുകയ്ക്ക് ഒന്നിച്ച് ഇന്ധനം വാങ്ങുന്നതുകൊണ്ട് ആ കാര്യത്തിൽ വല്ല കിഴിവുമുണ്ടോ; ഇതുപോലുള്ള ചെറിയ കാര്യങ്ങളിൽ വേണ്ട നടപടി സ്വീകരിക്കുമോ; ടയർ പഞ്ചറായാൽ ബസ് മുടങ്ങുന്നതിനു പകരം ഒരു മിനി ബസ് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനു നടപടി എടുക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പുതുതായി ഓപ്പറേറ്റിംഗ് സെന്ററോ സബ് ഡിപ്പോയോ അനുവദിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ നിന്നുകൊണ്ട് പുതിയ ഡിപ്പോകളോ ഓപ്പറേറ്റിംഗ് സെന്ററുകളോ ആരംഭിക്കുന്നതിനു വളരെയേറെ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണെങ്കിലും അത്

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേറ്റു ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. മറ്റൊരു കാര്യം ചോദിച്ചത്, ഇന്ത്യൻ ഓയിൽ കോർപ്പറേഷന് നമ്മൾ ഇപ്പോൾത്തന്നെ അറുപത്തിയഞ്ചു കോടി രൂപ കൊടുക്കുവാനുണ്ട്. അതുപോലെ മറ്റൊരു കമ്പനിക്ക് ഏതാണ്ട് അഞ്ചരക്കോടി രൂപ കൊടുക്കുവാനുണ്ട്. ഇത്രയും കടം ഉണ്ടെങ്കിൽപ്പോലും അവർ ഇപ്പോൾ ഡീസലിനു വില കുറച്ചിട്ടാണു തരുന്നത്. അവർ വെളിയിൽ കൊടുക്കുന്ന റേറ്റിനല്ല കെ.എസ്.ആർ.ടി.സി.ക്കു തരുന്നത്. ഇപ്പോഴും സബ്സിഡി നല്കിക്കൊണ്ടാണ് ഡീസൽ തരുന്നത്.

ശ്രീ. എം. കുമാരൻ: സർ, കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ തസ്തികയിൽ ഇപ്പോൾ പി.എസ്.സി. റാങ്കു ലിസ്റ്റ് നിലവിലുണ്ട്. ആ റാങ്കുലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത് എംപാനൽ വഴിയാണ്. പി.എസ്.സി. റാങ്കു ലിസ്റ്റിൽനിന്നും നിയമനം കിട്ടുന്നവർക്കുള്ള ഒരു ആനുകൂല്യവും എംപാനൽ ജീവനക്കാർക്ക് കിട്ടുന്നില്ല. എംപാനൽ ജീവനക്കാരെ സ്ഥിരം ജീവനക്കാരായി നിയമിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശക്തൻ: സർ, രണ്ടു തരത്തിലാണ് എംപാനൽ ജീവനക്കാരെ നിയമിക്കുന്നത്. ഒന്ന്, പി.എസ്.സി. അഡ്വൈസ് ചെയ്ത് കെ.എസ്.ആർ.ടി.സി.യിൽ എടുക്കുന്നത്. അവർ സ്ഥിരം ജീവനക്കാരാണ്. അവരെ കുറേക്കാലം എംപാനൽ ജീവനക്കാരായി നിർത്തിയ ശേഷം റഗുലറൈസ് ചെയ്യുകയാണ്. രണ്ടാമത്തെ ഒരു വിഭാഗം അഡ്വൈസ് ചെയ്യാതെ എംപാനൽ ജീവനക്കാരായി എടുക്കുന്നത്. അഡ്വൈസ് ചെയ്ത് എംപാനൽ ജീവനക്കാരായി എടുത്ത, ആറു മാസത്തിനു മുമ്പുണ്ടായിരുന്ന, മുഴുവൻ ജീവനക്കാരെയും റഗുലറൈസ് ചെയ്തിട്ടുണ്ട്. ഇപ്പോൾ കണ്ടക്ടർ തസ്തികയിൽ എംപാനൽ ജീവനക്കാരായി വർക്കു ചെയ്യുന്നത് ആറു മാസത്തിനകത്ത് പുതുതായി സർവ്വീസിൽ കയറിയവരാണ്. ഒരു എംപാനൽ ജീവനക്കാരനെ റഗുലറൈസ് ചെയ്യുമ്പോൾ ഒരു മാസം ഏതാണ്ട് ആയിരത്തിയഞ്ഞൂറോളം രൂപ അധിക ബാദ്ധ്യത വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരിമിതിക്ക് ഉള്ളിൽ നിന്നു പ്രവർത്തിക്കേണ്ടതുകൊണ്ടാണ് അവർ അല്പകാലം എംപാനൽ ആയി ജോലി ചെയ്യട്ടെ എന്ന് തീരുമാനിച്ചത്.

ശ്രീ. ജോണി നെല്ലൂർ: സർ, അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. വളരെ ലാഭകരമായി ഇപ്പോൾ ആലപ്പുഴയിൽനിന്നും കോയമ്പത്തൂർ, ബാംഗ്ലൂർ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് എയർ ബസ്സുകൾ, ലക്ഷ്വറി കോച്ചുകൾ എന്നിങ്ങനെ പ്രൈവറ്റ് ബസ്സുകൾ അനേകം സർവ്വീസുകൾ നടത്തുന്നുണ്ട്. ഈ മേഖലകളിൽനിന്നും ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് ആരംഭിക്കണമെന്ന നിരന്തരമായ ആവശ്യം ഉണ്ടാകാറുണ്ട്. പല സാങ്കേതിക കാരണങ്ങൾ പറഞ്ഞു നടക്കുന്നില്ല. ഇത് ലാഭകരമാക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാനുള്ള നടപടികൾക്കു വേണ്ടിയുള്ള ചർച്ചകൾ നടത്തുമോ; ഞാൻ ആവശ്യപ്പെട്ട മൂവാറ്റുപുഴ-ബാംഗ്ലൂരായി രണ്ടു സർവ്വീസുകളെങ്കിലും തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ? അതോടൊപ്പം അങ്ങ് ഒരു കാര്യംകൂടി വ്യക്തമാക്കിയാൽ കൊള്ളാം. ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങുമെന്നു പറഞ്ഞു. എവിടെയൊക്കെയാണ് ഈ ആറെണ്ണം എന്നുകൂടി വ്യക്തമാക്കിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: സർ, ഷോപ്പിംഗ് കോംപ്ലക്സ് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലമായ മുവാറ്റുപുഴയിലുമുണ്ട്. ഇപ്പോൾ അനുവദിച്ചിട്ടുള്ളത് മലപ്പുറം, കാസർകോഡ്, മുവാറ്റുപുഴ, അങ്കമാലി, തിരുവനന്തപുരത്ത് അട്ടക്കുളങ്ങര, കാട്ടാക്കട എന്നീ സ്ഥലങ്ങളിലാണ്. മൂന്നാറിന്റേത് ആലോചിക്കാം. അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്നുണ്ടെങ്കിൽ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ അവിടുത്തെ കോർപ്പറേഷനുമായി ഡിസ്ക്കസ് ചെയ്യണം. അതിനു ഗവൺമെന്റുമായി ചർച്ച ചെയ്ത് ഒരു എഗ്രിമെന്റ് വയ്ക്കണം. അതിനു ഇത്രയും ഡിലേ ഉണ്ടാക്കുവാനുള്ള ഒരു പ്രധാന കാരണമെന്നു പറയുന്നത് അവരുടെ റേറ്റ് കുറവും നമ്മുടെ സംസ്ഥാനത്തെ റേറ്റ് അല്പം കൂടുതലുമാണ്. അവിടുത്തെ ബസ് നമ്മുടെ സംസ്ഥാനത്തു വരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ റേറ്റ് ആ ബസ്സിനു കിട്ടും. നമ്മുടെ ബസ് ആ സംസ്ഥാനത്തു പോകുമ്പോൾ അവിടുത്തെ കുറഞ്ഞ റേറ്റാണ് നമ്മുടെ ബസ്സുകൾക്ക് കിട്ടുന്നത്. റേറ്റിൽ വലിയ വ്യത്യാസമുള്ളതുകൊണ്ടാണ് നമ്മൾ അതിനോട് വലിയ താല്പര്യം കാണിക്കാതിരിക്കുന്നത്. എന്തായാലും സഭയുടെ ഇരുഭാഗത്തുനിന്നും നിരവധി ആവശ്യങ്ങൾ വരുന്ന സാഹചര്യത്തിൽ തൊട്ടടുത്ത സംസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞ മുവാറ്റുപുഴ-ബാംഗ്ലൂർ സർവ്വീസും അതിൽക്കൂടി ആരംഭിക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, ബസ് ഡിപ്പോകൾ ആരംഭിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് പ്രയാസമാണെന്നു പറഞ്ഞു. കാസർകോഡ് ജില്ലയിൽ വർഷങ്ങളായി സബ് ഡിപ്പോയ്ക്കു വേണ്ടിയുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കാഞ്ഞങ്ങാട്ട് സബ് ഡിപ്പോ ആരംഭിക്കുന്നതിനുവേണ്ടി മന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും അദ്ദേഹം അതിനു സമ്മതിക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. കാഞ്ഞങ്ങാട്ട് സബ് ഡിപ്പോ ഉടൻതന്നെ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ശ്രീ. എൻ. ശക്തൻ : സർ, ഞാൻ നേരത്തേ സൂചിപ്പിച്ചു, പുതിയ ഡിപ്പോകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമൊന്നും എടുത്തിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയാണ് അതിനു പ്രധാനമായ കാരണം. എന്തായാലും വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സബ് ഡിപ്പോകൾ നമുക്ക് ആരംഭിക്കാം. അക്കൂട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാഞ്ഞങ്ങാടും ആലോചിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്ന കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലമായ കാട്ടാക്കട കൂടി ഉൾപ്പെടുത്തിയതിൽ ആദ്യമേ ആ പ്രദേശത്തെ ജനങ്ങളുടെ നന്ദി മന്ത്രിയെ അറിയിക്കുന്നു. അദ്ദേഹം അവിടെവന്നു പ്രഖ്യാപിച്ചതു സാധ്യമാക്കിത്തന്നു. എന്റെ ചോദ്യം സ്വകാര്യവത്കരണവും സ്വകാര്യ പങ്കാളിത്തവും നമ്മുടെ Order of the day ആയി വരുകയാണ്. കേരളത്തിലും ഇന്ത്യയിലും ലോകത്ത് എവിടെയും ഇപ്പോൾ മുവാറ്റുപുഴയിൽ നിന്നും അന്യസംസ്ഥാനത്തേയ്ക്കു പോകുന്ന സ്വകാര്യ ബസ്സുകളുടെ ആഡംബര സ്വഭാവത്തെക്കുറിച്ചാണ് ശ്രീ. ജോണി നെല്ലൂർ സൂചിപ്പിച്ചത്. എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങൾ ദേശവൽകൃത റൂട്ടിൽപ്പെട്ടതാണ്. അവിടെ സ്വകാര്യ ബസ്സുകൾ ഏറെയും അനുവദിച്ചു

ബസ് ഓടിക്കണമെന്നുള്ളതല്ല ഞങ്ങളുടെ ഡിമാന്റ്. ചിറയിൻകീഴ് താലൂക്കിലുണ്ട്; തന്നിട്ടില്ല. മുമ്പ് തിരുവനന്തപുരത്ത് മദ്യനിരോധനം ഏർപ്പെടുത്തി. അപ്പോൾ തിരുവനന്തപുരത്തുകാർ മദ്യം കുടിക്കാൻ കൊല്ലത്തു പോകുമായിരുന്നു. ഈ ജില്ലയിൽത്തന്നെ ഒരു പ്രദേശം മാത്രം ദേശവൽകൃത പ്രദേശമാക്കി മാറ്റി. എന്നാൽ അതിനനുസരിച്ചുള്ള ബസ്സുകൾ അവിടെ വിന്യസിച്ചിട്ടില്ല. ശ്രീ. ശക്തൻ വന്നതിനുശേഷം വന്ന മാറ്റത്തെ അഭിനന്ദിച്ചുകൊണ്ട് പറയട്ടെ, ആ പ്രദേശത്തിനാവശ്യമായ, ആ മലയോര പ്രദേശത്തിനാവശ്യമായ ട്രാൻസ്പോർട്ടു ബസ്സുകൾ എത്തിക്കുവാൻ ഒരു കാലത്തും ഭരണ കൂടത്തിനു പൂർണ്ണമായി കഴിഞ്ഞിട്ടില്ല. ഒന്നുകിൽ അവിടെ ആവശ്യമായ ബസ്സുകൾ അനുവദിക്കുക. അല്ലെങ്കിൽ കേരള സംസ്ഥാനത്തു നിലനില്ക്കുന്ന ഒരു സമ്പ്രദായം എന്തിനു അവിടെ മാറ്റി നിർത്തുന്നു. കടലോരങ്ങളും കായലോരങ്ങളും വരെ സ്വകാര്യ വ്യക്തികൾക്കും വിദേശികൾക്കും കൊണ്ടു പോകാമെങ്കിൽ ഈ നെടുമങ്ങാട് താലൂക്കിൽക്കൂടി സ്വകാര്യ ബസ്സുകൾ ഓടിയാൽ എന്ത് എന്നുള്ള തത്വശാസ്ത്രം അവിടുത്തെ ആളുകൾക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുമോ? അവിടെയുള്ള പ്രദേശം ഒന്നുകിൽ ദേശവൽകൃത റൂട്ടിന്റെ പട്ടികയിൽനിന്നു മാറ്റുമോ; അതല്ലെങ്കിൽ അതിനനുസൃതമായ ബസ് തന്ന് ഞങ്ങളെ സഹായിക്കുമോ?

ശ്രീ. എൻ. ശക്തൻ: സർ, നെയ്യാറ്റിൻകര, നെടുമങ്ങാടു പ്രദേശങ്ങൾ ദേശസാത്കൃത പട്ടികയിൽനിന്നും മാറ്റണമെന്നു പറയുന്ന ആ അഭിപ്രായം ഇന്ന് ഈ ഗവൺമെന്റിനില്ല. ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ ഇവിടെ സൂചിപ്പിച്ച ആ പ്രദേശങ്ങളിൽ ഇന്ന് രൂക്ഷമായ യാത്രാക്ലേശമുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നെയ്യാറ്റിൻകര താലൂക്ക് പൂർണ്ണമായും, ദേശസാത്കൃതമാണ്. ഈ പ്രദേശങ്ങളിൽ ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനു അടിയന്തിര നടപടി എടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ കാര്യമായി ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജി. കാർത്തികേയനുമായി സംസാരിച്ചു കൊണ്ടു തന്നെ ആ പ്രദേശങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ബി-യ്ക്കുള്ള ഉത്തരത്തിൽ 9 കോടി 81 ലക്ഷം രൂപ നഷ്ടം ഉണ്ടായത് ഇപ്പോൾ 7 കോടി 73 ലക്ഷം രൂപയായി ചുരുക്കി എന്നുപറഞ്ഞു. സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് എന്ന രീതിയിൽ ആരംഭിച്ചതാണ്. വ്യവസായം എന്ന നിലയിലല്ല. പിന്നീട് ഇങ്ങനെയായി. സർവ്വീസിൽ നഷ്ടമുള്ള റൂട്ടുകളൊക്കെ കുറച്ചു കൊണ്ടുവന്നതിന്റെ ഫലമായല്ലേ നഷ്ടത്തിൽ കുറവുണ്ടായത്. ഇന്ധന ക്ഷമത, സർവ്വീസ് കുറയ്ക്കൽ, കാര്യക്ഷമമായ പ്രവർത്തനം ഈ വക കാര്യങ്ങളാലാണോ നഷ്ടത്തിലുണ്ടായ വിടവ് ഉണ്ടായത് എന്ന് വിശദീകരിക്കാൻ ദയവുണ്ടാകണം.

ശ്രീ. എൻ. ശക്തൻ : സർ, ബഹുമാനപ്പെട്ട ശ്രീ. എ. സി. ഷൺമുഖദാസ് ഇവിടെ സൂചിപ്പിച്ചത് ഭാഗികമായി ശരിയാണ്. കെ. എസ്. ആർ. ടി. സി.യുടെ നഷ്ടം കുറയ്ക്കുന്നതിന് എടുത്ത ആദ്യത്തെ നടപടി എന്നുപറയുന്നത് നഷ്ടത്തിലോടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസുകൾ ഒഴിവാക്കി എന്നതാണ്. പൂർണ്ണമായും അങ്ങനെ ചെയ്യാൻ പറ്റില്ല. അങ്ങനെ വരുമ്പോൾ നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ജി. കാർത്തികേയൻ സൂചിപ്പിച്ചതുപോലെ ട്രാൻസ്പോർട്ട് ബസ്സുകൾ മാത്രമുള്ള റൂട്ടുകളിൽ നമുക്ക് രാത്രികാലങ്ങളിൽ സർവ്വീസ് നടത്താൻ പറ്റില്ല. ലാഭമില്ലാത്ത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുകയില്ല. അവിടേയും ആളുകൾ താമസിക്കുന്നുണ്ട്. അവിടെ താമസിക്കുന്ന ആളുകൾക്ക് യാത്രാ സൗകര്യം കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് ലാഭം മാത്രമുണ്ടാക്കി സർവ്വീസ് നടത്താൻ കെ. എസ്. ആർ. ടി. സി. ക്ക് കഴിയില്ല എന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അതിന് കെ. എസ്. ആർ. ടി. സി. യെ ഈ ഗവൺമെന്റ് അനുവദിക്കുകയില്ല. ആളുകളുടെ ആവശ്യം കൂടി കണക്കിലെടുത്തുകൊണ്ട് അൽപ്പസ്വൽപ്പം നഷ്ടം വന്നാലും ആ പ്രദേശങ്ങളിലെ ആളുകൾക്ക് യാത്ര ചെയ്യാൻ ബസ്സ് കൊടുക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. അതേസമയം വളരെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കുന്നതിന് ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ആഴ്ച ഒരു പ്രത്യേക സംവിധാനമുണ്ടാക്കി. മൈലേജ് കൂടുതൽ കിട്ടുന്നതിന് ഡീസലിന്റെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ട്രെയിനിംഗ് തന്നെ ആരംഭിച്ചിരിക്കുകയാണ്. അത് കുറച്ചുകൂടി കാര്യക്ഷമമായി കൊണ്ടുപോയാൽ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം കൊടുത്ത് എങ്ങനെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ വാഹനം ഓടിക്കാം എന്നു പഠിപ്പിച്ചാൽ തന്നെ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരത്തിലുള്ള നിരവധി പരിപാടികൾക്ക് ഇപ്പോൾ കെ. എസ്. ആർ. ടി. സി. രൂപം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സർ, ശക്തമായ നടപടികളിലൂടെ ബഹുമാനപ്പെട്ട മന്ത്രി ശക്തൻ കെ. എസ്. ആർ. ടി. സി. യെ ശക്തിപ്പെടുത്തുന്നതിൽ വളരെ സന്തോഷമുണ്ട്. ഇപ്പോൾ എനിക്ക് ചോദിക്കാനുള്ളത് ബിസിനസ്സ് അടിസ്ഥാനത്തിലായിരുന്നാലും സേവനാടിസ്ഥാനത്തിലായിരുന്നാലും കോഴിക്കോട് നിന്നും ബാംഗ്ലൂരിലേക്ക് ട്രെയിൻ സർവ്വീസ് നടത്തി. അതിനുപകരം വോൾവോ സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ മലബാറിൽ നിന്നുള്ള ആളുകൾക്ക് തിരുവനന്തപുരത്ത് വരാൻ ആശ്രയിക്കുന്ന ആകെയുള്ള ഒരു ട്രെയിൻ കണ്ണൂർ എക്സ്പ്രസ്സ് മാത്രമാണ്. ഇപ്പോൾ രാവിലെയാണ് തിരുവനന്തപുരത്തേക്ക് വോൾവോ സർവ്വീസുള്ളത്. അത് വൈകുന്നേരം ആളുകളെ ഇവിടെ എത്തിക്കുന്ന രീതിയിൽ ആവിഷ്ക്കരിച്ചുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് തിരുവനന്തപുരത്ത് എത്താനും ട്രെയിൻ സർവ്വീസ് ഇല്ലാതെ ബാംഗ്ലൂരിലേക്ക് എത്താനും വോൾവോ സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, വോൾവോ ബസ്സിന്റെ ചെലവ് വളരെ കൂടുതലാണ്. പുതിയ ബസ്സ് വാങ്ങുന്നതിന് വളരെ കൂടുതൽ തുകയാണ് ചെലവാകുന്നത്. നമുക്ക് ആവശ്യമുണ്ടെങ്കിൽ വോൾവോ ബസ്സ് വാങ്ങി സർവ്വീസ് നടത്തുന്നതിന് തടസ്സമില്ല. കെ. എസ്. ആർ. ടി. സി. മറ്റൊരു കാര്യം കൂടി ആലോചിക്കുന്നുണ്ട്. എക്സ്പ്രസ്സ് ബസ്സുകളെ എ.സി. ബസ്സുകളാക്കി മാറ്റുന്ന കാര്യം. ഇന്നുള്ള എക്സ്പ്രസ്സ് ബസ്സുകളെ പുതിയ എ.സി. ബസ്സുകളാക്കി മാറ്റുമ്പോൾ ഇന്നത്തെ വോൾവോ ബസ്സിന്റെ റേറ്റ് കൊടുക്കാതെ സാധാരണക്കാർക്ക് എ.സി. ചെയ്ത ബസ്സുകളിൽ യാത്ര ചെയ്യാൻ, അതായത് മിഡിൽ ക്ലാസ്സ് യാത്രക്കാർക്ക് കൂടി പ്രയോജനം വരത്തക്ക രീതിയിൽ സർവ്വീസ് നടത്താൻ

കഴിയും. അധികം താമസിയാതെ എയർ കണ്ടീഷൻ ചെയ്ത എക്സ്പ്രസ്സ് ബസ്സുകൾ കെ. എസ്. ആർ. ടി. സി. നിരത്തിലിറക്കുന്നുണ്ട്. ബാംഗ്ലൂരിലേക്കും വേളാങ്കണ്ണിയിലേക്കും സർവ്വീസുകൾ വേണമെന്ന ആവശ്യം എല്ലാ ഭാഗത്തു നിന്നും വരുന്നുണ്ട്. അതുകൊണ്ട് അവിടത്തെ കോർപ്പറേഷനുമായും മറ്റും ആലോചിച്ച് അടിയന്തിരമായി ആ ഭാഗങ്ങളിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യവും അക്കൂട്ടത്തിൽ പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം 2.84 കോടി രൂപയുടെ അധിക ബാദ്ധ്യത കെ. എസ്. ആർ. ടി. സി. ക്ക് വന്നതായി അങ്ങ് ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് കഴിഞ്ഞ കുറേക്കാലമായി നിരവധി ഘട്ടങ്ങളിലായി, എൻ. ഡി. എ. ഗവൺമെന്റ് ആയിരുന്നപ്പോഴും യു. പി. എ. ഗവൺമെന്റ് ആയപ്പോഴും ഉണ്ടായതാണ്. ഈ വില വർദ്ധനവ് കണക്കിലെടുത്താൽ നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് നികുതിയിനത്തിൽ നല്ലൊരു വരുമാനം വരുന്നുണ്ട്. അങ്ങ് കെ. എസ്. ആർ. ടി. സി. യുടെ കടബാദ്ധ്യത പരിഹരിക്കാൻ വേണ്ടി എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ; ജീവനക്കാരുടെ എണ്ണം 25,000-ൽ നിന്ന് 20,000 ആയി കുറച്ചു. ഷെഡ്യൂളുകൾ കട്ട് ചെയ്യുക, ഡിപ്പോകൾ ഒഴിവാക്കുക ഇത്തരത്തിൽ നഷ്ടമായാലും കെ. എസ്. ആർ. ടി. സി. ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ തുടർന്നു കൊണ്ടുപോകും എന്നുപറയുന്ന അങ്ങയുടെ മറുപടിക്കു തന്നെ വിരുദ്ധമായ വിധത്തിലുള്ള നടപടികൾ ഒഴിവാക്കി ഡീസൽ വിൽപ്പനയിൽ കിട്ടുന്ന നികുതിയിൽ ഒരു പങ്ക് കെ. എസ്. ആർ. ടി. സി. ക്ക് ഗ്രാന്റായി സർക്കാരിൽ നിന്ന് വാങ്ങാനുള്ള ശ്രമം ഉണ്ടാകണം, ഇത്തവണ ഒരു നയാപൈസ പോലും കെ. എസ്. ആർ. ടി. സി. ക്ക് വകയിരുത്തിയിട്ടില്ല. അത്തരമൊരു പരിതസ്ഥിതിയിൽ കൂടുതൽ ഗ്രാന്റ് സർക്കാരിൽ നിന്ന് നേടിയെടുക്കാൻ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; അത്തരത്തിൽ എന്തെങ്കിലും തുക കെ. എസ്. ആർ. ടി. സി. ക്ക് ലഭിക്കുമെന്ന് കരുതുന്നുണ്ടോ ?

ശ്രീ. എൻ. ശക്തൻ : സർ, ഡീസലിന് 24 ശതമാനം ടാക്സാണ് ഗവൺമെന്റിലേക്ക് കൊടുക്കുന്നത്. കഴിഞ്ഞ വർഷം 49 കോടി രൂപയാണ് ഡീസൽ ടാക്സായി ഗവൺമെന്റിന് ലഭിച്ചത്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും ഏതാണ്ട് 54 കോടി രൂപ ഡീസൽ ടാക്സ് ഇനത്തിൽ കെ. എസ്. ആർ. ടി. സി.-ൽ നിന്ന് സർക്കാരിന് ലഭിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കെ. എസ്. ആർ. ടി. സി.യെ സാമ്പത്തികമായി സഹായിക്കുന്നതിന് കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളൊന്നും തയ്യാറായിട്ടില്ല. അങ്ങനെ തയ്യാറായിരുന്നുവെങ്കിൽ ഒരു പരിധി വരെ കെ. എസ്. ആർ. ടി. സി.യുടെ നഷ്ടം ഒഴിവാക്കാമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. കഴിഞ്ഞ അഞ്ചു വർഷം ഭരിച്ച എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 21.50 കോടി രൂപയാണ് കെ. എസ്. ആർ. ടി. സി. ക്ക് നൽകിയത്. മൂന്നു വർഷം കൊണ്ടാണ് ഇത്രയും തുക നൽകിയത്. രണ്ടു വർഷം സാമ്പത്തികമായി ഒന്നും നൽകിയില്ല. യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ നാല് വർഷം തികയാൻ പോകുന്നതേയുള്ളൂ. നാല് വർഷത്തിനകമാണ് 21.50 കോടി രൂപ എൽ. ഡി. എഫ്.

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത് എങ്കിൽ 40 കോടി 25 ലക്ഷം രൂപ ഇപ്പോൾത്തന്നെ കെ. എസ്. ആർ. ടി. സി.ക്ക് കൊടുത്തുകഴിഞ്ഞു. ഒരു വർഷം ബാക്കി കിടക്കുകയാണ്. ഇനിയും ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരത്തിലുള്ള ചർച്ചകൾ നടക്കുകയാണ്.

ശ്രീ. എ. സുജനപാൽ : സർ, ഷോപ്പിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കോഴിക്കോട് കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻഡ് നിൽക്കുന്ന സ്ഥലം നഗരത്തിന്റെ ഹൃദയഭാഗമാണ്. അത് ഏതാണ്ട് മുപ്പത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് പണിതതാണ്. അതിനുശേഷം ഒരുപാട് സർവ്വീസുകൾ വന്നു. അത് മുഴുവൻ പരിഷ്കരിക്കാൻ വേണ്ടിയുള്ള പദ്ധതി ശ്രീ. ഗണേഷ്കുമാർ മന്ത്രിയായിരുന്ന കാലത്ത് കിൻഫ്ര തയ്യാറാക്കിയതാണ്. ഷോപ്പിംഗ് സെന്ററും അതുപോലെ ബസ്സ് സ്റ്റാൻഡും പരിഷ്ക്കരിക്കുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കൂട്ടത്തിൽ കോഴിക്കോട് വിട്ടുപോയിരിക്കുന്നു. വാസ്തവത്തിൽ മലബാർ മേഖലയിൽ അധികം സ്ഥലമില്ല. അതുകൊണ്ട് കോഴിക്കോടിന് മുൻതൂക്കം നൽകണം. വളരെയധികം ലാഭകരമായി ഒരു ഷോപ്പിംഗ് സെന്റർ നിർമ്മിക്കുക, അവിടെ യാത്രി നിവാസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ ലാഭകരമായ പ്രവർത്തനമാണ്. കോഴിക്കോട് ബസ്സ് സ്റ്റാൻഡ് നവീകരിക്കാനും അവിടെ ഷോപ്പിംഗ് സെന്റർ പണിയാനുമുള്ള നടപടികൾക്ക് മുൻതൂക്കം നൽകുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, ബഹുമാനപ്പെട്ട ഗണേഷ്കുമാർ മന്ത്രിയായിരുന്ന കാലത്ത് ബഹുമാനപ്പെട്ട സുജനപാൽ സൂചിപ്പിച്ച പദ്ധതി കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ ആറ് സ്ഥലങ്ങളിൽ ഷോപ്പിംഗ് സെന്റർ നിർമ്മിക്കുന്നതിന് കെ. എസ്. ആർ. ടി. സി. അനുവാദം നൽകിയിട്ടുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. ആ സ്ഥലങ്ങളുടെ പേരാണ് ഞാൻ സൂചിപ്പിച്ചത്. അതേസമയം അഞ്ച് സ്ഥലങ്ങളിൽ കൂടി അനുവാദം കൊടുക്കാൻ പോകുന്നു. ആ അഞ്ച് സ്ഥലങ്ങളുടെ പേര് ഞാൻ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട സുജനപാൽ കോഴിക്കോട്ട് വേണമെന്ന് നേരത്തേ ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയതായി അനുവദിക്കുന്ന അഞ്ച് സെന്ററുകളിൽ ഒന്ന് കോഴിക്കോട് ആയിരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ, കെ. എസ്. ആർ. ടി. സി. ക്ക് ഒട്ടേറെ സാമൂഹ്യ സേവന കാര്യങ്ങൾ ഏറ്റെടുക്കേണ്ട അവസ്ഥ വരുന്നുണ്ട്. അത് ഏറ്റെടുക്കേണ്ടവയാണ്. ഗവൺമെന്റ് എല്ലാ കാലങ്ങളിലും പറയുന്ന ഒട്ടേറെ സൗജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ക്ക് അതൊന്നും ഒഴിവാക്കാൻ പറ്റുന്ന കാര്യങ്ങളല്ല. നഷ്ടത്തിന്റെ പേര് പറഞ്ഞുകൊണ്ട് പലരും ആക്രമിക്കാറുണ്ട്. ഇത്തരത്തിലുള്ള സൗജന്യങ്ങൾ ചെയ്തുകൊടുക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് വേണ്ടി മാറ്റിവയ്ക്കേണ്ട പണം എത്രയാണെന്ന് പറയണം. ആ ബാദ്ധ്യത നിറവേറ്റാൻ വേണ്ടി കെ.എസ്.ആർ.ടി.സി. യെ ഗവൺമെന്റ് സഹായിക്കുമോയെന്ന് വ്യക്തമാക്കണം. ഗവൺമെന്റ് ശരിക്കും സഹായിക്കുമെങ്കിൽ അത് എങ്ങനെയാണ് സഹായിക്കുന്നതെന്ന് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് സത്യമാണ്. കെ. എസ് ആർ. ടി. സി. വിദ്യാർത്ഥികൾക്ക് ഇന്ന് സൗജന്യ യാത്ര അനുവദിക്കുന്നത് വഴി ഒരു വർഷം 28,75,00,000 രൂപയുടെ നഷ്ടം സഹിക്കുന്നുണ്ട്. ഇന്ന് ഓർഡിനറി ബസുകളിൽ ഒരു കിലോമീറ്റർ യാത്ര ചെയ്യുന്നതിന് 42 പൈസയാണ്. അതേ സമയം വിദ്യാർത്ഥികൾക്ക് 7 പൈസയാണ്. അവർക്ക് കൺസെഷൻ കൊടുത്താൽ മതി. കാലാകാലങ്ങളിൽ ട്രാൻസ്പോർട്ട് ചാർജ്ജ് വർദ്ധിപ്പിക്കുമ്പോൾ വിദ്യാർത്ഥികളുടെ കൺസെഷന്റെ ചാർജ്ജ് വർദ്ധിപ്പിക്കാറില്ല. അങ്ങനെ വർദ്ധിപ്പിക്കാതിരിക്കുന്നതിലൂടെ കുറച്ച് നഷ്ടം വരും. അതിന്റെ ഫലമായി 28,75,00,000 രൂപ ഒരു വർഷം സ്റ്റുഡന്റ്സിന് കൺസഷനായി കെ.എസ്.ആർ.ടി.സി. ക്ക് നഷ്ടപ്പെടുകയാണ്. അതുപോലെ ഫിസിക്കലി ഹാന്റീക്യാപ്പ്ഡായിട്ടുള്ളവർക്ക് 70% സൗജന്യം അനുവദിച്ചിട്ടുണ്ട്. ഒരു വർഷം അതിനുവേണ്ടിവരുന്നത് 4 കോടി രൂപയാണ്. അതുപോലെ ഡഫ് ആന്റ് ഡമ്പ് അവർക്ക് ഒരു വർഷം 88 ലക്ഷം രൂപ സൗജന്യ യാത്രയിലൂടെ കൊടുക്കുന്നുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്കും വിധവകൾക്കും സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. അതുൾപ്പടെ എല്ലാം കൂടി 47,16,00,000 രൂപ ഒരു വർഷം കെ.എസ്.ആർ.ടി.സി. ക്ക് നഷ്ടമാകുന്നുണ്ട്. ഞാൻ അധികാരത്തിൽ വന്നതിനുശേഷം 20 കോടി രൂപ അധികമായി കെ.എസ്.ആർ.ടി.സി. ക്ക് കൊടുത്തത് ഇത് കണക്കിലെടുത്തുകൊണ്ടാണ്.

ശ്രീ. എൻ. രാജൻ ബാബു : മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ കെ.എസ്.ആർ.ടി.സി.-യിൽ സ്റ്റാഫ് റേഷ്യോ എങ്ങനെയാണ്? കൂടുതലാണോ അതോ കുറവാണോ?

ശ്രീ. എൻ. ശക്തൻ : സർ, സ്റ്റാഫ് റേഷ്യോ നമുക്ക് ഇപ്പോഴും അൽപം കൂടുതലാണ്. എന്നാലും ധാരാളം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ബസിൽ പെർമനന്റ് ജീവനക്കാർ പതിനൊന്നര ആയിരുന്നത് ആറരയായി കുറച്ചുകൊണ്ടു വരുന്നതിനും എം പാനൽ എട്ടിനകത്ത് നിർത്തുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ നമ്മളേക്കാൾ കൂടുതൽ സ്റ്റാഫ് റേഷ്യോയുണ്ട്. എന്നാലും കേരളം വളരെയധികം കുറച്ച് കൊണ്ടുവന്നിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : പയ്യന്നൂർ ഡിപ്പോയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച് ഇതിനുമുൻപും പലതവണ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഷെഡ്യൂൾസ് പലതും റദ്ദാക്കി. പത്തു പതിനേഴ് സ്റ്റാഫ് വേണ്ടിടത്ത് ഇപ്പോൾ ആരും ഇല്ല. ക്ലറിക്കൽ സ്റ്റാഫ് ആരും ഇല്ല. വളരെ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പയ്യന്നൂർ ഡിപ്പോ ഈ രീതിയിൽ വളരെയധികം പ്രതിസന്ധി നേരിടുന്ന ഡിപ്പോയായി മാറിക്കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് ക്ലറിക്കൽ സ്റ്റാഫിനെ നിശ്ചയിക്കുന്നതിനും റദ്ദാക്കപ്പെട്ട ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുന്നതിനും പയ്യന്നൂർ ഡിപ്പോയെ മുൻപുള്ള രീതിയിൽ ആക്കിത്തീർക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. ശക്തൻ : സർ, നമ്മൾ സ്റ്റാഫിനെ നിയമിക്കുമ്പോൾ സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ ഓപ്പറേഷൻ വിഭാഗത്തെ പൂർണ്ണമായി നിയമിക്കാറുണ്ട്. അതുപോലെതന്നെ മെക്കാനിക്കൽ വിഭാഗത്തേയും പൂർണ്ണമായി നിയമിക്കാറുണ്ട്. തൊട്ട് മുൻപ് ഇവിടെ പറഞ്ഞതുപോലെ സ്റ്റാഫ് റേഷ്യോ

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കുന്നതിന്റെ ഭാഗമായി, നഷ്ടം കുറയ്ക്കണമെന്നതിന്റെ ഭാഗമായി, അത്യാവശ്യമുള്ള ഓപ്പറേറ്റിംഗ് വിഭാഗത്തിലും മെക്കാനിക്കൽ വിഭാഗത്തിലുമുള്ള ജീവനക്കാരെ പൂർണ്ണമായി നിയമിക്കുകയും, മിനിസ്റ്റീരിയൽ വിഭാഗത്തിൽ കുറക്കാവുന്നതിന്റെ പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ക്ലാർക്കിന്റെ എണ്ണം കുറയ്ക്കുന്നത്. ക്ലാർക്കിന്റെ എണ്ണം കുറയ്ക്കുന്നതുകൊണ്ട് വരുന്ന ബുദ്ധിമുട്ട് ജീവനക്കാരുടെ മറ്റു കാര്യങ്ങളിൽ വരുന്ന ബുദ്ധിമുട്ടാണ്. അത് ഉള്ള ജീവനക്കാരെവച്ച്തന്നെ പരമാവധി കൈകാര്യം ചെയ്യാം. അത്യാവശ്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുമായി ഡിസ്ക്കസ് ചെയ്യാം. തീരെ അത്യാവശ്യമുള്ള സ്റ്റാഫിനെ അവിടെ നിയമിക്കാനുള്ള നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഷെഡ്യൂളും ക്യാൻസൽ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടില്ല. ഒരു ട്രിപ്പും കട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശവും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം ഉണ്ടാക്കുന്നതാണ്.

വ്യാവസായിക നിക്ഷേപം

2 [*332] ഡോ. തോമസ് ഐസക്ക് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യാവസായിക നിക്ഷേപ അന്തരീക്ഷം മെച്ചപ്പെട്ടിട്ടുള്ളതായി കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം നിലയിലാണ് മെച്ചപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വ്യവസായ അന്തരീക്ഷം മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ നിക്ഷേപത്തിന്റെ കാര്യത്തിൽ സ്വാഭാവിക വർദ്ധനപോലും പ്രകടമാകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : (എ & ബി) ഉണ്ട്. പുതിയ വ്യവസായ, ഐ.ടി., തൊഴിൽ, ബയോടെക്നോളജി നിയമങ്ങൾ നടപ്പിൽ വന്നതോടെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് വളരെ അനുകൂലമായ അന്തരീക്ഷം സംജാതമായിട്ടുണ്ട്. തൊഴിൽ പ്രശ്നങ്ങളുടെ കാര്യത്തിൽ ഗണ്യമായ കുറവും നിക്ഷേപകരോടുള്ള സമീപനത്തിൽ പ്രോൽസാഹജനകമായ മാറ്റവും ഉണ്ടായിട്ടുണ്ട്. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയിരിക്കുകയാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വൻ നിക്ഷേപങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ധാരാളം നിക്ഷേപകരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിലെ നിക്ഷേപത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായമേഖലയിൽ നിക്ഷേപം വർദ്ധിക്കുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly